**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 4981**
**04.07.2012-ലെ മറുപടിക്ക്**
**ചാത്തന്നൂർ സബ് ട്രഷറി**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ജി.എസ്.ജയലാൽ | | ബഹു: ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി<br>ശ്രീ. കെ.എം. മാണി |
| എ) | ചാത്തന്നൂരിൽ പ്രവർത്തിക്കുന്ന സബ് ട്രഷറി അര നൂറ്റാണ്ടിന് മുമ്പ് നിർമ്മിച്ചതും, ജീർണ്ണിച്ചതുമായ കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ഈ സബ് ട്രഷറിക്ക് നിലവിലുള്ള കെട്ടിടം ദേശീയ പാത വികസനവുമായി ബന്ധപ്പെട്ടുള്ള ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിക്കുമ്പോൾ പൊളിച്ച് മാറ്റപ്പെടുവാൻ സാദ്ധ്യതയുള്ള സ്ഥലത്താണ് നിൽക്കുന്നതെന്ന് അധികാരികൾ അറിയിച്ചിട്ടുണ്ടോ; അതിന്മേൽ എന്തു നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; | ഇതു സംബന്ധിച്ച് രേഖാമൂലമുള്ള അറിയിപ്പ് ലഭിച്ചിട്ടില്ല. |
| സി) | ചാത്തന്നൂർ സബ് ട്രഷറിക്ക് കെട്ടിട നിർമ്മാണത്തിന് ഭൂമി ലഭ്യമാക്കണമെന്ന് റവന്യൂ വകുപ്പിനോട് ആവശ്യപ്പെട്ടതിൻ പ്രകാരം 24.11.2011ലെ ജി.ഒ (എം.എസ്) 430/11/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം 4.05 ആർ ഭൂമി നൽകുവാൻ നടപടിയായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതനുസരിച്ച് ഭൂമി കൈമാറ്റ നടപടിയുടെ പുരോഗതി വ്യക്തമാക്കുമോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റവന്യൂ വകുപ്പ് അനുവദിച്ച ഭൂമി, ട്രഷറി വകുപ്പിന് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് കൊല്ലം ജില്ലാ കളക്ടറോട് ട്രഷറി ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്. |
| ഡി) | ഭൂമി കിട്ടിയാൽ ഉടൻ തന്നെ കെട്ടിട നിർമ്മാണത്തിനുള്ള നടപടിയും ഭരണാനുമതിയും നൽകുമോ? | ഭൂമി കൈമാറി കിട്ടിയതിനു ശേഷം സർക്കാർ ഇക്കാര്യം പരിശോധിക്കുന്നതാണ്. |

Sayarau

സെക്ഷൻ ഓഫീസർ